# കണ്ണൂർ സർവ്വകലാശാല

(പരീക്ഷാവിഭാഗം)

www.kannuruniversity.ac.in


No. EG.I/PR/2020 കെ. യു .എച്ച്. ക്യു, തീയ്യതി:19.03.2021

**പ്രസിദ്ധീകരണത്തിന്**

## പ്രായോഗിക പരീക്ഷ

**അഞ്ചാം സെമസ്റ്റർ ബിഎസ് സി മാത്തമാറ്റിക്സ്** (ഓണേഴ്സ്) ഡിഗ്രി (C.B.C.S.S. 2014 അഡ്മിഷൻ മുതൽ - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) നവംബർ 2020 പ്രായോഗിക പരീക്ഷ **മാർച്ച് 24ന് ഗവ. ബ്രണ്ണൻ കോളജ്, തലശേരി** സെന്ററിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രായോഗിക പരീക്ഷ

കണ്ണൂർ സർവകലാശാലയുടെ **അഞ്ച് ,മൂന്ന് സെമസ്റ്റർ ബി .എ മ്യൂസിക്** പ്രായോഗിക പരീക്ഷകൾ **മാർച്ച് 22,23,24,തീയതികളിൽ** രാവിലെ 9 മുതൽ പിലാത്തറ ലാസ്യ കോളേജ് ഓഫ് ഫൈൻ ആർട്സിൽ വച്ച് നടക്കും .രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടുക.

## പുനർമൂല്യനിർണയഫലം

**നാലാം സെമസ്റ്റർ ഏപ്രിൽ 2020 ബിരുദ** പരീക്ഷകളുടെ (BA/BSc/BCom/BBA/TTM) പുനർ മൂല്യനിർണയഫലം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .മൂല്യനിർണയം പൂർത്തിയായ ഫലങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത് .പൂർണ്ണ ഫലപ്രഖ്യാപനം മൂല്യനിർണയം പൂർത്തിയാകുന്ന മുറയ്ക്ക് നടത്തുന്നതാണ് .മാർക്ക്/ ഗ്രേഡ് മാറ്റമുള്ള പക്ഷം റെഗുലർ വിദ്യാർത്ഥികൾ ഒഴികെ മറ്റുള്ളവർ റിസൾട്ട് മെമ്മോയുടെ ഡൗൺലോഡ് ചെയ്ത പകർപ്പും മാർക്ക് ലിസ്റ്റും സഹിതം ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

ഒപ്പ്/-
അസിസ്റ്റൻറ് രജിസ്ട്രാർ - I
(പരീക്ഷാ വിഭാഗം)